# ധീരനായ പോരാളി ക്രാന്തദര്‍ശിയായ സംഘാടകന്‍

എ.ആര്‍

**അമ്പതുകളുടെ മധ്യത്തില്‍ തെരഞ്ഞെടുപ്പുകളില്‍ പങ്കെടുക്കുന്നതിനെച്ചൊല്ലി ജമാഅത്തെ ഇസ്‌ലാമിയില്‍ അഭിപ്രായ ഭിന്നത മൂര്‍ഛിച്ചതിനെത്തുടര്‍ന്ന് മൗലാനാ അമീന്‍ അഹ്‌സന്‍ ഇസ്‌ലാഹിയടക്കം പ്രഗത്ഭ പണ്ഡിതന്മാര്‍ സംഘടന വിട്ടുപോയപ്പോഴും മൗദൂദിയോടൊപ്പം ഉറച്ചുനിന്നു മിയാന്‍ സാഹിബ്. ജനറല്‍ അയ്യൂബ്ഖാന്‍ പട്ടാള വിപ്ലവത്തിലൂടെ അധികാരം പിടിച്ചെടുത്ത് ഏകാധിപത്യം അടിച്ചേല്‍പിച്ചപ്പോള്‍ ശക്തമായി ചെറുക്കാന്‍ അദ്ദേഹം രംഗത്തുണ്ടായിരുന്നു.**

■ മിയാന്‍ തുഫൈല്‍ മുഹമ്മദ്




**1941** ആഗസ്റ്റ് 25-31. സയ്യിദ് അബുല്‍ അഅ്‌ലാ മൗദൂദി (1903 -1979) തന്റെ *തര്‍ജുമാനുല്‍ ഖുര്‍ആന്‍* മാസികയിലൂടെ അവതരിപ്പിച്ച ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ രൂപരേഖ ശ്രദ്ധാപൂര്‍വം വായിച്ചവരില്‍നിന്ന്, അദ്ദേഹത്തിന്റെ ആഹ്വാന പ്രകാരം ഇന്ത്യാ ഉപഭൂഖണ്ഡത്തിന്റെ വിവിധ ഭാഗങ്ങളില്‍ നിന്നായി ലാഹോറില്‍ എത്തിച്ചേര്‍ന്നിരിക്കുകയാണ് എഴുപത്തഞ്ചുപേര്‍. മൗലാനാ മുഹമ്മദ് മന്‍സൂര്‍ നുഅ്മാനി, മൗലാനാ സിബ്ഗത്തുല്ലാ ബസ്തിയാരി, മൗലാനാ അമീന്‍ അഹ്‌സന്‍ ഇസ്‌ലാഹി, മൗലാനാ അബുല്‍ ഹസന്‍ അലി നദ്‌വി, മൗലാനാ അബ്ദുല്‍ ജബ്ബാര്‍ ഗാസി തുടങ്ങിയ വിശിഷ്ട പണ്ഡിതന്മാരടങ്ങുന്ന സദസ്സില്‍ കോട്ടും ടൈയും അണിഞ്ഞ് ക്ലീന്‍ ഷേവ് ചെയ്ത ഒരു ഇരുപത്തിഏഴുകാരന്‍ പ്രത്യേക നോട്ടപ്പുള്ളിയായി. തൊപ്പിയും തലപ്പാവും പൈജാമയും ശെര്‍വാനിയുമൊ

ക്കെ ധരിച്ച നീണ്ട താടിയുമായി ഇരിക്കുന്ന പണ്ഡിതന്മാർക്ക് മധ്യേ ഇംഗ്ലീഷുകാരന്റെ തനി പകർപ്പായ ഈ പച്ചപ്പരിഷ്കാരിക്കെന്ത് കാര്യം? പൊന്നുരുക്കുന്നിടത്ത് പൂച്ചയോ? ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ പകുതിയിൽ ഇന്ത്യയിലെ പ്രഥമ ഇസ്‌ലാമിക പ്രസ്ഥാനമായി ജമാഅത്തെ ഇസ്‌ലാമി പിറന്നുവീഴുന്ന അനർഘ നിമിഷങ്ങളിൽ സംഘടനയിൽ അംഗത്വം സ്വീകരിച്ചുകൊണ്ട് സാമാജികർ ശഹാദത്ത് പുതുക്കവെ, സൂട്ട് വേഷധാരിയും അതിന് തയാറായി മുന്നോട്ടുവന്നപ്പോൾ സാമ്പ്രദായിക മതപണ്ഡിതനായ മുൻസൂർ നുഅ്മാനിക്ക് സഹിച്ചില്ല. 'ഈ വേഷം മാറ്റാതെയും താടി വളർത്താതെയും ഇസ്‌ലാമിക സംഘടനയിൽ അംഗത്വമോ?' *അൽഫുർഖാൻ* പത്രാധിപർ കൂടിയായ നുഅ്മാനി തുറന്നടിച്ചു. ചെറുപ്പക്കാരന് രോഷം അടക്കിനിർത്താനായില്ല. 'താടിരോമം ഒരു ദിവസം കൊണ്ട് മുളപ്പിക്കാനാവുമോ? അൽപം സമയം തരൂ. ഞാൻ വേഷം മാറ്റാം, താടി വളർത്താം.' എങ്കിൽ അത് കഴിഞ്ഞിട്ടുമതി എന്നായി നുഅ്മാനി. പഞ്ചാബിലെ കപൂർത്തല പ്രവിശ്യയിൽ നിന്നുള്ള പ്രഥമ മുസ്‌ലിം അഭിഭാഷകനായ മിയാൻ തുഫൈൽ മുഹമ്മദായിരുന്നു കഥാപാത്രം. 1914ൽ ഒരു കർഷക കുടുംബത്തിൽ ജനിച്ച തുഫൈൽ മുഹമ്മദ് ഫിസിക്സിലും ഗണിതത്തിലും ഓണേഴ്സ് ബിരുദം നേടിയ ശേഷമായിരുന്നു നിയമപഠനത്തിലേക്ക് തിരിഞ്ഞത്. സയ്യിദ് മൗദൂദിയുടെ ചിന്തകളിലും ജമാഅത്ത് രൂപവത്കരണ യോഗത്തിലെ അദ്ദേഹത്തിന്റെ പ്രസംഗത്തിലും ആകൃഷ്ടനായ ഈ യുവ അഭിഭാഷകന് പ്രസ്ഥാനത്തിൽ അംഗത്വമെടുക്കുന്നതിനെക്കുറിച്ച് രണ്ടു വട്ടം ആലോചിക്കേണ്ടി വന്നില്ല. 1944 മാർച്ച് 26,27 തീയതികളിൽ പഠാൻകോട്ട് ദാറുൽ ഇസ്‌ലാമിൽ ചേർന്ന ജമാഅത്തിന്റെ വാർഷിക സമ്മേളനം ആദ്യമായി സംഘടനക്ക് ഒരു സെക്രട്ടറി ജനറലിനെ (ഖയ്യിം) നിയമിക്കണമെന്ന് തീരുമാനിച്ചപ്പോൾ ഉചിതനായ വ്യക്തി ആരെന്ന കാര്യത്തിൽ അമീർ സയ്യിദ് മൗദൂദിക്ക് രണ്ടുവട്ടം ആലോചിക്കേണ്ടി വന്നില്ല. പ്രഥമ സെക്രട്ടറി ജനറലായി മിയാൻ തുഫൈൽ മുഹമ്മദ് സ്ഥാനമേറ്റു. അതിന് മുമ്പായിത്തന്നെ, കള്ളം പറയാനും കള്ളത്തരങ്ങൾക്ക് കൂട്ടു നിൽക്കാനും തനിക്കാവില്ലെന്ന് തീരുമാനിച്ച് വക്കീൽ ജോലി അദ്ദേഹം ഉപേക്ഷിച്ചുകഴിഞ്ഞിരുന്നു. ബിസിനസ് രംഗത്തു നിന്നാണ് അദ്ദേഹം സംഘടനയുടെ മുഴുസമയ കാര്യദർശിയായി ചുമതലയേറ്റത്. താടിയും മോടിയും മുഖ്യ ഇഷ്യൂവാക്കിയ മൗലാനമാർ അപ്പോഴേക്ക് പ്രസ്ഥാനവുമായി വഴിപിരിഞ്ഞുകഴിഞ്ഞിരുന്നു.

ഇന്ത്യ സ്വാതന്ത്ര്യം നേടി, ഒപ്പം പിളർന്നു രണ്ടായി. പാകിസ്താന്റെ ഭാഗമായ പശ്ചിമ പഞ്ചാബിലെ ജമാഅത്ത് ആസ്ഥാനത്ത് മൗദൂദിയുടെ വിശ്വസ്തനായ അനുചരനും സന്തത സഹചാരിയുമായി തുഫൈൽ മുഹമ്മദ് പ്രസ്ഥാനത്തിന്റെ ധീര പോരാളിയായി. അമ്പതുകളുടെ മധ്യത്തിൽ തെരഞ്ഞെടുപ്പുകളിൽ പങ്കെടുക്കുന്നതിനെച്ചൊല്ലി ജമാഅത്തെ ഇസ്‌ലാമിയിൽ അഭിപ്രായ ഭിന്നത മൂർഛിച്ചതിനെത്തുടർന്ന് മൗലാനാ അമീൻ അഹ്സൻ ഇസ്‌ലാഹിയടക്കം പ്രഗത്ഭ പണ്ഡിതന്മാർ സംഘടന വിട്ടുപോയപ്പോഴും മൗദൂദിയോടൊപ്പം ഉറച്ചുനിന്നു മിയാൻ സാഹിബ്. ജനറൽ അയ്യൂബ്ഖാൻ പട്ടാള വിപ്ലവത്തിലൂടെ അധികാരം പിടിച്ചെടുത്ത് ഏകാധിപത്യം അടിച്ചേൽപിച്ചപ്പോൾ ശക്തമായി ചെറുക്കാൻ അദ്ദേഹം രംഗത്തുണ്ടായിരുന്നു. 1964ൽ ജമാഅത്തിനെ നിരോധിച്ചപ്പോൾ അറസ്റ്റിലായ നേതാക്കളിലും തുഫൈൽ മുഹമ്മദ് ഉൾപ്പെട്ടു. നിരോധം സുപ്രീം കോടതി റദ്ദാക്കി 1965ൽ സംഘടന വീണ്ടും പ്രവർത്തനക്ഷമമായപ്പോൾ സംയുക്ത പ്രതിപക്ഷ മുന്നണി രൂപവത്കരിച്ച് സൈനിക ഭരണത്തിനെതിരെ രംഗത്തിറങ്ങുകയായിരുന്നു അദ്ദേഹം. രണ്ടു വർഷം നീണ്ട ജയിൽജീവിതമായിരുന്നു അയ്യൂബ്ഖാന്റെ പ്രത്യുപകാരം. പക്ഷേ, പ്രക്ഷോഭം ലക്ഷ്യം കാണുക തന്നെ ചെയ്തു. 1969ൽ ഭരണം പട്ടാളമേധാവി യഹ്‌യാഖാനെ ഏൽപിച്ച് അയ്യൂബ്ഖാൻ തടി രക്ഷപ്പെടുത്തി. 1970ൽ നടന്ന പൊതുതെരഞ്ഞെടുപ്പിൽ ജമാഅത്തെ ഇസ്‌ലാമി മത്സരിച്ചപ്പോൾ ലാഹോറിലെ ഒരു മണ്ഡലത്തിൽ പാർലമെന്റ് സ്ഥാനാർഥിയായിരുന്നു മിയാൻ സാഹിബ്. പക്ഷേ സുൽഫിക്കർ അലീ ഭൂട്ടോയുടെ പി.പി.പിയുടെ വിജയം ഉറപ്പാക്കിക്കൊണ്ട് യാഥാസ്ഥിതിക മതസംഘടനകളാകെ ജമാഅത്തെ ഇസ്‌ലാമി


■ സുൽഫിക്കർ അലി ഭൂട്ടോ


■ ജമാൽ അബ്ദുന്നാസിർ


■ സിയാഉൽ ഹഖ്


■ അയ്യൂബ് ഖാൻ


■ യഹ്‌യാ ഖാൻ

**ജമാൽ അബ്ദുന്നാസിർ, യാസിർ അറഫാത്ത്, ആയത്തുല്ലാ ഖുമൈനി തുടങ്ങിയ ലോക നേതാക്കളോടും ലിയാഖത്ത് അലിഖാൻ മുതൽ ബേനസീർ ഭൂട്ടോ വരെയുള്ള പാക് ഭരണാധികാരികളോടും അടുത്തിടപഴകാൻ അവസരം ലഭിച്ച ആ ധന്യാത്മാവ്, എത്രയെത്ര പ്രതിസന്ധികളും തിരിച്ചടികളും നേരിട്ടാലും ഇസ്‌ലാം അന്തിമ വിജയം നേടുമെന്ന് ഉറച്ചുവിശ്വസിച്ച ധീര മുജാഹിദായിരുന്നു.**

# മിയാൻ തുഫൈൽ മുഹമ്മദ് (1914–2009)


**അവിഭക്ത** ഇന്ത്യയിലെ പഞ്ചാബ് സംസ്ഥാനത്തിൽ പെടുന്ന കപൂർത്തലയിലാണ് മിയാൻ തുഫൈൽ മുഹമ്മദിന്റെ ജനനം. 1935ൽ ലാഹോർ ഗവൺമെന്റ് കോളേജിൽനിന്ന് ഊർജതന്ത്രത്തിലും ഗണിതത്തിലും ഡിസ്റ്റിംഗ്ഷനോടെ ബി.എ (ഓണേഴ്സ്) കരസ്ഥമാക്കി. 1937ൽ ലാഹോർ യൂനിവേഴ്സിറ്റി ലോ കോളേജിൽനിന്ന് രണ്ടാം റാങ്കോടെ എൽ.എൽ.ബി ബിരുദം. ഖുർആനും ഹദീസും പഠിച്ചത് മുഖ്യമായും സയ്യിദ് മൗദൂദിയിൽനിന്നും മൗലാനാ അമീൻ അഹ്സൻ ഇസ്‌ലാഹിയിൽനിന്നും.

1938ൽ ജലന്ദറിൽ ജസ്റ്റിസ് മുഹമ്മദ് ശരീഫിന് കീഴിൽ അഭിഭാഷകനായി പ്രാക്ടീസ് ആരംഭിച്ചു. ഒരു വർഷത്തിനു ശേഷം കപൂർത്തലയിൽ തിരിച്ചെത്തി. കപൂർത്തല നാട്ടുരാജ്യത്തെ ആദ്യത്തെ മുസ്‌ലിം അഭിഭാഷകനായിരുന്നു മിയാൻ തുഫൈൽ. 1942ൽ വിവാഹം.


1941 ആഗസ്റ്റിൽ ജമാഅത്തെ ഇസ്‌ലാമി രൂപവത്കരിക്കപ്പെട്ടപ്പോൾ അതിന്റെ 75 സ്ഥാപകാംഗങ്ങളിൽ ഒരാളായിരുന്നു അദ്ദേഹം. 1942ൽ അഭിഭാഷകവൃത്തി ഉപേക്ഷിച്ച് ലാഹോറിലെ ഒരു കുടുംബ ബിസിനസ്സിൽ പങ്കാളിയായി. ഇസ്‌ലാമിക പ്രസ്ഥാനത്തോടുള്ള അദ്ദേഹത്തിന്റെ പ്രതിബദ്ധതയും ആവേശവും തുടക്കത്തിലേ ശ്രദ്ധിക്കപ്പെട്ടിരുന്നു. 1944 മാർച്ചിൽ നടന്ന ജമാഅത്തെ ഇസ്‌ലാമി സർവേന്ത്യാ സമ്മേളനത്തിൽ സംഘടനയുടെ ആദ്യത്തെ സെക്രട്ടറി ജനറൽ (ഖയ്യിം) ആയി തെരഞ്ഞെടുക്കപ്പെട്ടു. വൈകാതെ ബിസിനസ് ഉപേക്ഷിച്ച് സംഘടനാ പ്രവർത്തനങ്ങൾക്കായി പഠാൻകോട്ടിലേക്ക് തിരിച്ചു. അന്നുമുതൽ പ്രതിസന്ധി ഘട്ടങ്ങളിലെല്ലാം മൗലാനാ മൗദൂദിയുടെ വലംകൈയായി മിയാൻ തുഫൈൽ കൂടെയുണ്ടായിരുന്നു.

ജയിലിലായിരുന്ന കാലം ഒഴിച്ച് നിർത്തിയാൽ 1965 വരെ ജമാഅത്തിന്റെ സെക്രട്ടറി ജനറലായി അദ്ദേഹം തുടർന്നു. 1966 മുതൽ 1972 വരെ പടിഞ്ഞാറൻ പാകിസ്താന്റെ ജമാഅത്ത് അമീറായിരുന്നു. ഈ കാലയളവിൽ തന്നെ മൗലാനാ മൗദൂദി രോഗബാധിതനാകുമ്പോൾ പാക് ജമാഅത്തിന്റെ താൽക്കാലിക അധ്യക്ഷനായും പ്രവർത്തിച്ചു.

ആരോഗ്യപരമായ കാരണങ്ങളാൽ 1972 ഒക്ടോബറിൽ മൗലാനാ മൗദൂദി പാക് ജമാഅത്തിന്റെ അധ്യക്ഷപദവി രാജിവെച്ചപ്പോൾ, അടുത്ത അഞ്ചു വർഷത്തേക്ക് അമീറായി മിയാൻ തുഫൈൽ തെരഞ്ഞെടുക്കപ്പെട്ടു. തുടർന്ന് രണ്ട് തവണ കൂടി അദ്ദേഹം തെരഞ്ഞെടുക്കപ്പെടുകക്കെതിരെ ഇളകിവശായതോടെ മിയാൻ സാഹിബിന്റെ വിജയപ്രതീക്ഷ പൊലിഞ്ഞു. കന്നിയങ്കത്തിലെ തോൽവി അദ്ദേഹത്തെ തെല്ലും തളർത്തിയില്ലെന്നു മാത്രം. 1972 ഒക്ടോബറിൽ അനാരോഗ്യം മൂലം സയ്യിദ് മൗദൂദി സംഘടനയുടെ സാരഥ്യം ഒഴിഞ്ഞപ്പോൾ പിൻഗാമിയായി ചുമതലയേറ്റത് തുഫൈൽ മുഹമ്മദ് ആയിരുന്നു. 1973ൽ പി.പി.പി ഇതര കക്ഷികളുടെ ഐക്യ ജനാധിപത്യ മുന്നണിയുടെയും 1977ലെ തെരഞ്ഞെടുപ്പിൽ പാകിസ്താൻ ദേശീയ സഖ്യ(പി.എൻ.എ)ത്തിന്റെയും രൂപവത്കരണത്തിൽ നേതൃപരമായ പങ്കാണ് അദ്ദേഹം വഹിച്ചത്. തെരഞ്ഞെടുപ്പിൽ വൻ കൃത്രിമങ്ങളിലൂടെ ഭൂട്ടോ അധികാരമുറപ്പിച്ചപ്പോൾ ഇലക്ഷൻ റദ്ദാക്കി സ്വതന്ത്രമായി വീണ്ടും ജനവിധി തേടണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷമാകെ തെരുവിലിറങ്ങി. ബലപ്രയോഗത്തിലൂടെ പ്രക്ഷോഭത്തെ നേരിടാനുള്ള ഭൂട്ടോയുടെ ശ്രമം സഫലമായില്ല. പോലീസിന്റെ സ്റ്റോക്ക് തീർന്ന് ടിയർ ഗ്യാസിനായി അമേരിക്കയുടെ സഹായം തേടുകയായിരുന്നു ഭൂട്ടോ.



■ അമീൻ അഹ്സൻ ഇസ്‌ലാഹി



■ അബുൽ ഹസൻ അലി നദ്‌വി

**തനിക്ക് ശരിയെന്ന് തോന്നുന്നത് ആരോടും വെട്ടിത്തുറന്ന് പറയുന്ന ശൈലിയും ഒപ്പം ജീവിതശൈലിയുടെ ലാളിത്യവും സംഘാടനശേഷിയും പ്രസ്ഥാന സ്ഥാപകനോടുള്ള ഊഷ്മള ബന്ധവും മിയാൻ തുഫൈലിനെ വേറിട്ട വ്യക്തിത്വമാക്കി.**

സ്ഥിതി അത്യന്തം വഷളായപ്പോൾ പാകിസ്താനിലെ പതിവിൻപടി പട്ടാളം ബാരക്കുകളിൽനിന്ന് പുറത്തുവന്നു. സീനിയർ ഓഫീസർമാരെ മറികടന്ന് ഭൂട്ടോ തന്നെ സൈന്യാധിപ പദവിയിൽ അവരോധിച്ച ജനറൽ മുഹമ്മദ് സിയാഉൽ ഹഖ് തന്നെ അദ്ദേഹത്തിന്റെ വില്ലനായി. ശരീഅത്ത് പ്രയോഗവത്കരണവും 90 ദിവസത്തിനകം പുതിയ തെരഞ്ഞെടുപ്പും പ്രഖ്യാപിച്ച സിയാഉൽ ഹഖ് രൂപവത്കരിച്ച താൽക്കാലിക മന്ത്രിസഭയിൽ പി.പി.പി ഒഴിച്ചുള്ള പാർട്ടികൾക്ക് പ്രാതിനിധ്യം നൽകി. ജമാഅത്തെ ഇസ്‌ലാമിയുടെ നാല് നേതാക്കളും പങ്കാളികളായി മന്ത്രിസഭയിൽ. മിയാൻ തുഫൈൽ മുഹമ്മദ് ആയിരുന്നു തീരുമാനത്തിന്റെ ശിൽപി. പക്ഷേ, സിയാ വാക്ക് പാലിച്ചില്ല. മൂന്നു മാസത്തിനകം തെരഞ്ഞെടുപ്പ് പ്രഖ്യാപി

യുണ്ടായി.

അയ്യൂബ് ഖാന്റെ ഭരണകാലത്ത് കലാപമുണ്ടാക്കാൻ ശ്രമിച്ചു എന്നാരോപിച്ച് വ്യത്യസ്ത രാഷ്ട്രീയ പാർട്ടികളിൽ പെട്ട ഒമ്പത് നേതാക്കളെ വിചാരണ ചെയ്തിരുന്നു. ഈ ഒമ്പത് പേരും ചേർന്നാണ് പാകിസ്താനിൽ ജനാധിപത്യ പ്രക്ഷോഭത്തിന് തുടക്കം കുറിച്ചത്. അവരിലൊരാളായിരുന്നു മിയാൻ തുഫൈൽ. 1965ൽ രൂപീകൃതമായ പ്രതിപക്ഷ സഖ്യത്തിന്റെ മുൻനിര നേതാക്കളിൽ ഒരാളായിരുന്നു. പ്രക്ഷോഭം ജനകീയമാക്കുന്നതിന് കിഴക്കൻ പാകിസ്താനിലും പടിഞ്ഞാറൻ പാകിസ്താനിലും അദ്ദേഹം നിരന്തരം പര്യടനങ്ങൾ നടത്തി. പട്ടാള ഭരണത്തിനെതിരെ ഉയർന്നുവന്ന പാകിസ്താൻ ഡമോക്രാറ്റിക് മൂവ്മെന്റ് (പി.ഡി.എം), ഡമോക്രാറ്റിക് ആക്ഷൻ കമ്മിറ്റി (ഡി.എ.സി) എന്നീ കൂട്ടായ്മകളെ ചലിപ്പിക്കുന്നതിൽ നേതൃപരമായ പങ്ക് വഹിച്ചു. ഈ ജനാധിപത്യ പ്രക്ഷോഭങ്ങളാണ് 1969ൽ അയ്യൂബ് ഖാന്റെ ഭരണത്തിന് അന്ത്യം കുറിച്ചതും 1970ലെ പൊതുതെരഞ്ഞെടുപ്പിന് വഴിവെച്ചതും. 1977ൽ മറ്റൊരു പ്രതിപക്ഷ കൂട്ടായ്മയായ യൂണൈറ്റഡ് ഡമോക്രാറ്റിക് മഹാസിന്റെ രൂപവത്കരണത്തിലും അദ്ദേഹം മുഖ്യ പങ്കുവഹിച്ചു.

1987ൽ അനാരോഗ്യത്തെത്തുടർന്ന് ജമാഅത്തിന്റെ അധ്യക്ഷപദം ഒഴിഞ്ഞു. തുടർന്ന് ജമാഅത്ത് ആസ്ഥാനമായ ലാഹോറിലെ മൻസ്വൂറയിൽ പ്രവർത്തിക്കുന്ന ഇദാറെ മആരിഫെ ഇസ്‌ലാമിയ്യയിൽ പഠനവും ഗവേഷണവുമായി കഴിയുകയായിരുന്നു. ജീവിതത്തിന്റെ നല്ലൊരു ഭാഗം സംഘടനാ പ്രവർത്തനങ്ങളിലും ദേശീയ പ്രശ്നങ്ങളിലും മുഴുകിയിരുന്നതിനാൽ വളരെ കുറച്ച് ഗ്രന്ഥങ്ങളേ രചിക്കാനായിട്ടുള്ളൂ. *കശ്ഫുൽ മഹ്ജൂബ്*, *ദഅ്‌വത്തെ ഇസ്‌ലാമി* എന്നിവയാണ് അദ്ദേഹത്തിന്റെ വൈജ്ഞാനിക കൃതികൾ. അദ്ദേഹത്തിന്റെ നിരവധി ജീവചരിത്രകുറിപ്പുകൾ പ്രസിദ്ധീകൃതമായിട്ടുണ്ട്. *മുശാഹിദാത്ത്*, *തുഫൈൽ നാമ* എന്നീ കൃതികളാണ് അവയിൽ പ്രധാനം.

മക്ക ആസ്ഥാനമായി പ്രവർത്തിക്കുന്ന മുസ്‌ലിം വേൾഡ് ലീഗിന്റെ ആദ്യകാല അംഗങ്ങളിലൊരാളാണ്. ലോക മസ്ജിദ് കോൺഫറൻസിലും തുടക്കം മുതലേ ഉണ്ടായിരുന്നു. തന്റെ നാട്ടിലെ രാഷ്ട്രീയ സംഘർഷങ്ങളെക്കുറിച്ച് അഭിപ്രായമാരായാൻ ഈജിപ്തിലെ ജമാൽ അബ്ദുന്നാസിർ അദ്ദേഹത്തെ ക്ഷണിച്ച് വരുത്തുകയുണ്ടായി. ഇറാനിലെ ഇസ്‌ലാമിക വിപ്ലവത്തിന് ശേഷം തെഹ്റാനിലെത്തിയ ആദ്യ പാക് പ്രതിനിധി സംഘത്തെ നയിച്ചത് മിയാൻ തുഫൈലായിരുന്നു. വിപ്ലവ ഇറാനെ ആദ്യമായി അംഗീകരിച്ച രാഷ്ട്രവും പാകിസ്താനായിരുന്നു. ഇമാം ഖുമൈനി മാർബിളിൽ കൊത്തിയ ഒരു ഖുർആനിക ഫലകം മിയാൻ തുഫൈലിന് സമ്മാനിച്ചു. യാസിർ അറഫാത്ത് ഖുമൈനിക്ക് സമ്മാനിച്ചതായിരുന്നു ആ ഫലകം.

മസ്തിഷ്ക രക്തസ്രാവത്തെത്തുടർന്ന് അബോധാവസ്ഥയിലായിരുന്ന മിയാൻ തുഫൈൽ 2009 ജൂൺ 25ന് അന്തരിച്ചു. എട്ട് പെൺമക്കളും നാല് ആൺമക്കളുമുണ്ട്. ■

ക്കുകയോ നടക്കുകയോ ഉണ്ടായില്ല. ജമാഅത്ത് മന്ത്രിമാർ രാജിവെച്ച് ജനാധിപത്യ പുനഃസ്ഥാപനത്തിന് ശ്രമം പുനരാരംഭിക്കുകയായിരുന്നു. മിയാൻ സാഹിബിന് ഏറെ അപഖ്യാതി നേടിക്കൊടുത്ത സംഭവമായിരുന്നു സൈനിക ജണ്ടയുമായുള്ള സഹകരണം. സിയാ തുഫൈലിന്റെ ബന്ധുവായതുകൊണ്ടാണ് ഇങ്ങനെയൊരു തീരുമാനമുണ്ടായത് എന്നായിരുന്നു വ്യാപകമായ പ്രചാരണം. അതേപ്പറ്റി *ഖൗമി ഡൈജസ്റ്റ്* (ലാഹോർ) എഡിറ്റർ മുജീബുർറഹ്മാൻ ശാമി മുഖാമുഖത്തിനിടെ ഉന്നയിച്ച ചോദ്യവും മിയാൻ സാഹിബിന്റെ മറുപടിയും ചുവടെ:

'ജനറൽ സിയാഉൽ ഹഖ് താങ്കളുടെ ബന്ധുകൂടിയാണല്ലോ, അല്ലേ? ഭൂട്ടോ അങ്ങനെ എഴുതിയിട്ടുണ്ട്. (മുസ്‌ലിം ലീഗ് നേതാവ്) പീർ ചഗാഡോയും അതുതന്നെ പറയുന്നു?

'ഭൂട്ടോയാണ് ഈ പൊയ്‌വെടി പൊട്ടിച്ചത്. ജയിലിലിരുന്ന് ഈ കള്ളം ചമക്കുകയായിരുന്നു അദ്ദേഹം. സിയാഉൽ ഹഖുമായി ഒരു ബന്ധുത്വവും എനിക്കില്ല. അദ്ദേഹത്തിന്റെ ഭാര്യയുടെ വല്യുപ്പ ഞങ്ങളുടെ ഗ്രാമത്തിൽ താമസിച്ചിരുന്നു എന്നു മാത്രം. കപൂർത്തല പ്രവിശ്യയിലെ റായേപൂർ ആയിരുന്നു ഞങ്ങളുടെ ഗ്രാമം. അവിടത്തെ പൗത്രിയായിരുന്നു ബീഗം ഭൂട്ടോ. ഇതിൽനിന്ന് മനസ്സിലാക്കാം നമ്മുടെ രാഷ്ട്രീയത്തിലും പത്രപ്രവർത്തനത്തിലും കള്ളം ചെലുത്തുന്ന സ്വാധീനത്തിന്റെ വ്യാപ്തി. വ്യക്തിപരമായ ഒരു പ്രശ്നത്തിൽ വഞ്ചന ഇത്രത്തോളമാണെങ്കിൽ ദേശീയ പ്രശ്നങ്ങളിൽ അത് എത്രമാത്രമായിരിക്കും!'

ഇസ്‌ലാമിനോട് ആഭിമുഖ്യവും ശരീഅത്ത് നടപ്പാക്കുന്നതിൽ പ്രതിബദ്ധതയും കാട്ടിയ ഭരണാധികാരി എന്ന നിലയിൽ സിയാഉൽ ഹഖ് പൊതുവെ മതവൃത്തങ്ങളിൽ സ്വീകാര്യനായിരുന്നു എന്നത് വസ്തുതയാണ്. താങ്കളെ ഏറ്റവും സ്വാധീനിക്കുകയോ ആകർഷിക്കുകയോ ചെയ്ത പാക് ഭരണാധികാരി ആരായിരുന്നു എന്ന ചോദ്യത്തോട് മിയാൻ തുഫൈൽ മുഹമ്മദ് പ്രതികരിച്ചതിങ്ങനെ: 'ഏറ്റവും നല്ല ഭരണാധികാരി നിശ്ചയമായും ചൗധരി മുഹമ്മദലി ആയിരുന്നു. അദ്ദേഹം 29 നാളുകൾക്കകം ഭരണഘടന ഉണ്ടാക്കി. തികഞ്ഞ മാന്യതയോടെ ഭരിച്ചു. മാന്യമായിത്തന്നെ സ്ഥാനമൊഴിയുകയും ചെയ്തു. ഖാജാ നാസിമുദ്ദീനും മാന്യനായിരുന്നു. ഒരു കാര്യം കൂടി ഞാൻ പറയാം. ചിലർക്ക് നന്നായി തോന്നട്ടെ ചിലർക്ക് മോശമായി തോന്നട്ടെ, വ്യക്തിപരമായ പെരുമാറ്റത്തിന്റെ കാര്യത്തിൽ ജനറൽ സിയാഉൽ ഹഖിന്റേതും മാന്യമാണ്. അദ്ദേഹം ഒരു സൈനിക ജനറലാണ്. തന്മൂലം തന്റെ കൂട്ടുകാരുടെ ആഗ്രഹങ്ങൾ പൂർത്തീകരിക്കേണ്ടിവരുന്നു. എങ്കിലും വ്യക്തിപരമായി അദ്ദേഹത്തിന്റെ പെരുമാറ്റം മെച്ചപ്പെട്ടതാണ്.'

നീണ്ട പതിനഞ്ച് വർഷക്കാലം നേതൃസ്ഥാനത്ത് തുടർന്ന മിയാൻ സാഹിബ് 1987 നവംബർ ആറിന് സെക്രട്ടറി ജനറലായിരുന്ന ഖാദി ഹുസൈൻ അഹ്മദിനെ ഇമാറത്ത് ഏൽപിച്ച് മൗദൂദിയുടെ മാതൃക പിന്തുടർന്നു. 1979ൽ ഖത്തർ മതകാര്യ വകുപ്പ് സംഘടിപ്പിച്ച അന്താരാഷ്ട്ര സീറ-സുന്നത്ത് കോൺഫ

റൻസിൽ സംബന്ധിക്കാൻ ദോഹയിലെത്തിയപ്പോഴായിരുന്നു സ്വീകരണസമിതി അംഗമായിരുന്ന ഈ ലേഖകന് അദ്ദേഹത്തെ നേരിൽ പരിചയപ്പെടാൻ അവസരം ലഭിച്ചത്. പിന്നീട് ഇന്ത്യാ-പാക് ഇസ്‌ലാമിക പ്രവർത്തകർ സംയുക്തമായി നൽകിയ സ്വീകരണത്തിലും അദ്ദേഹം പങ്കെടുക്കുകയുണ്ടായി. തനിക്ക് ശരിയെന്ന് തോന്നുന്നത് ആരോടും വെട്ടിത്തുറന്ന് പറയുന്ന ശൈലിയും ഒപ്പം ജീവിതശൈലിയുടെ ലാളിത്യവും സംഘാടനശേഷിയും പ്രസ്ഥാന സ്ഥാപകനോടുള്ള ഊഷ്മള ബന്ധവും മിയാൻ തുഫൈലിനെ വേറിട്ട വ്യക്തിത്വമാക്കി. 1944 മുതൽ 1979 വരെയും മൗദൂദിയുടെ വസതിയിലും പുറത്തും ഓഫീസിലും യാത്രയിലും പരിപാടികളിലും ജയിലിലും അദ്ദേഹത്തോട് സഹവസിച്ച മിയാൻ തുഫൈൽ തന്റെ പ്രിയങ്കരനായ നേതാവിനെ വിശേഷിപ്പിക്കുന്നതിങ്ങനെ: "അദ്ദേഹത്തെ കണ്ടപ്പോഴാണ് പ്രവാചകന്റെ ഒരു വചനം എനിക്ക് പിടികിട്ടിയത്. 'എന്റെ സമുദായത്തിലെ പണ്ഡിതന്മാർ ഇസ്രാഈല്യരിലെ പ്രവാചകന്മാർക്ക് തുല്യരാണ്'. മൗലാനയുടെ ജീവിതവും സ്വഭാവവും പ്രവാചകചര്യയുടെ അനുധാവനമായിരുന്നു." സയ്യിദ് മൗദൂദിയുടെ പല ജീവിതാനുഭവങ്ങളും തന്നെ സ്വാധീനിച്ചതായി അനുസ്മരിക്കുന്ന തുഫൈൽ മുഹമ്മദ് പ്രത്യേകമായോർക്കുന്നത് അദ്ദേഹത്തിന് പട്ടാളക്കോടതി മരണശിക്ഷ വിധിച്ച നിമിഷങ്ങളാണ്. "വിധിപറയുമ്പോൾ ഞാൻ മൗലാനയോട് ഒപ്പം നിൽക്കുകയായിരുന്നു. തൂക്ക് മരണസെല്ലിലേക്ക് മൗലാനയെ യാത്രയാക്കിയതും ഞാനാണ്. തൂക്കുമരമേറാതെ തിരിച്ചുവരുമ്പോൾ സ്വീകരിക്കാനുണ്ടായിരുന്ന നാലഞ്ച് പ്രവർത്തകരിലും ഒരാൾ ഞാനായിരുന്നു. തൂക്കിലേറുന്നവന്റെ പ്രത്യേക യൂനിഫോം അഴിച്ചുമാറ്റിയപ്പോൾ മൗലാന ധരിച്ചതും എന്റെ വസ്ത്രമായിരുന്നു. കാരണം തന്റെ വസ്ത്രം അദ്ദേഹം നേരത്തേ വീട്ടിലേക്ക് അയച്ചുകഴിഞ്ഞിരുന്നു. ഉരുക്ക് നിർമിതമായിരുന്നു മൗലാനായുടെ നാഡീവ്യൂഹം. തൂക്കുമര സെല്ലിൽ കയറിയപ്പോൾ അദ്ദേഹം വുദൂ എടുത്ത് ഇശാ നമസ്കരിച്ചു. പിന്നെ സുഖമായി ഉറങ്ങി" (*ഖൗമി ഡൈജസ്റ്റ്*, നവംബർ 1987).

ജമാഅത്തിന്റെ നേതൃസ്ഥാനമൊഴിഞ്ഞതിന് ശേഷവും മിയാൻ സാഹിബ് സജീവ രംഗത്തുണ്ടായിരുന്നു. പിൽക്കാലത്ത് പക്ഷേ ഖാദി ഹുസൈൻ അഹ്മദിന്റെ വിവാദപരമായ ചില നിലപാടുകളിൽ അസംതൃപ്തനായിരുന്നു അദ്ദേഹം. എങ്കിലും പ്രസ്ഥാന പ്രവർത്തകരുടെയും പൊതു സമൂഹത്തിന്റെയും സ്നേഹാദരവുകൾ അന്ത്യനിമിഷം വരെയും ആ വന്ദ്യ വയോധികൻ ഏറ്റുവാങ്ങി. 2009 ജൂൺ 26 വെള്ളിയാഴ്ച രാത്രി സുദീർഘമായ രോഗശയ്യയോട് വിടചൊല്ലി 95-ാം വയസ്സിൽ മിയാൻ തുഫൈൽ മുഹമ്മദ് പരലോക പ്രാപ്തനായി. ജമാൽ അബ്ദുന്നാസിർ, യാസിർ അറഫാത്ത്, ആയത്തുല്ലാ ഖുമൈനി തുടങ്ങിയ ലോക നേതാക്കളോടും ലിയാഖത്ത് അലിഖാൻ മുതൽ ബേനസീർ ഭൂട്ടോ വരെയുള്ള പാക് ഭരണാധികാരികളോടും അടുത്തിടപഴകാൻ അവസരം ലഭിച്ച ആ ധന്യാത്മാവ്, എത്രയെത്ര പ്രതിസന്ധികളും തിരിച്ചടികളും നേരിട്ടാലും ഇസ്‌ലാം അന്തിമ വിജയം നേടുമെന്ന് ഉറച്ചുവിശ്വസിച്ച ധീര മുജാഹിദായിരുന്നു. 'അല്ലാഹുവിനോട് തങ്ങൾ ചെയ്ത കരാർ പാലിച്ച ചിലരുണ്ട് വിശ്വാസികളിൽ. അവരിൽ ചിലർ അന്ത്യം കണ്ടു; ചിലർ ഊഴം കാത്തിരിക്കുന്നു. ആരായാലും നിലപാടിൽ ഒരു മാറ്റവും അവർ വരുത്തിയില്ല' എന്ന ദൈവിക വചനം പ്രസക്തമാവുന്നത് ഇത്തരം മഹാത്മാക്കളിലാണ്. അല്ലാഹു അദ്ദേഹത്തിന്റെ വീഴ്ചകൾ പൊറുത്ത് വിശാലമായ ഫിർദൗസിൽ പ്രവേശിപ്പിക്കുമാറാകട്ടെ! ■